**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4664** **13-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ബഫർ സോൺ മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളാണ് ബഫർ സോൺ മേഖലയായി നിർണ്ണയിച്ചിരിക്കുന്നത്; അറിയിക്കുമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചാൽ മലപ്പുറം ജില്ലയിലെ അമരമ്പലം, ചൊക്കാട്, കാളികാവ്, കരുവാരക്കുണ്ട്, കരുളായി, വഴിക്കടവ് എന്നീ 6 പഞ്ചായത്തുകളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ ആയതിൽ ഉൾപ്പെടുന്നതാണ്. |
| (ബി) | ബഫർ സോൺ മേഖലയിൽ നിന്ന് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തായി ഒരു കിലോമീറ്റർ ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ 03.06.2022 ലെ ഉത്തരവിലെ നിർദ്ദേശത്തിൽ നിന്ന് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കിക്കൊണ്ട് ഇളവ് ലഭിക്കുന്നതിനുള്ള ഭരണപരവും നിയമപരവുമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ